# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ പുതിയ യൂണിറ്റുകൾ</u>

3933 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ എതെങ്കിലും യൂണിറ്റ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര പൊതുമേഖലാ നിക്ഷേപം ഏതെങ്കിലും മേഖലയിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

കേന്ദ്ര പ്രതിരോധവകുപ്പിന്റെ സഹായത്തോടെ സ്ഥാപിച്ച വ്യവസായ സ്ഥാപനങ്ങൾ

3934 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര പ്രതിരോധ വകുപ്പിന്റെ സഹായത്തോടെ, സംസ്ഥാനത്ത് പുതുതായി സ്ഥാപിക്കപ്പെട്ട വ്യവസായസ്ഥാപനങ്ങൾ ഏതൊക്കെയാണ് ; ഇതിനായി സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും നവീകരിക്കുന്നതിനും നടപടി</u>

3935 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും നവീകരിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പാരമ്പര്യ വ്യവസായ സംരക്ഷണത്തിന് നടപടി</u>

3936 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയും വിവിധ പ്രോജക്ടുകളും</u>

3937 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള എന്ന പേരിൽ സംസ്ഥാനസർക്കാർ സംഘടിപ്പിച്ച വ്യവസായ സംരംഭകത്വപരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) എമർജിംഗ് കേരള മുഖാന്തിരം നടപ്പാക്കുന്ന ഓരോ പദ്ധതിക്കും സംസ്ഥാന സർക്കാരിന് എത്ര രൂപയാണ് മൂലധന നിക്ഷേപമായി നൽകേണ്ടിവരിക; എന്നത്തേയ്ക്ക് ഈ പദ്ധതികൾ ആരംഭിക്കാൻ കഴിയും; വിശദവിവങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമാകും;

(ഡി) മുൻപ് നടത്തിയ ജിം (ജി.ഐ.എം.) കം എമർജിംഗ് കേരളയുമായുള്ള വ്യത്യാസമെന്ത്?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം</u>

3938 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി എത്ര തുക ചിലവഴിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഓരോ സ്ഥാപനങ്ങൾക്കും ചിലവാക്കിയ തുക ഇനം തിരിച്ച്
വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ</u>

3939 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെകാലത്ത് പൊതുമേഖലയിൽ ഏതെങ്കിലും പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ;

(ബി) മുൻസർക്കാർ പൊതുമേഖലയിൽ പുതുതായി സ്ഥാപിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമായിരുന്നു ; അവയുടെ പ്രവർത്തനം മുന്നോട്ട് പോകുന്നുണ്ടോ ; പ്രസ്തുത സ്ഥാപനങ്ങളിൽ ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഈ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും തുടർപ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ട സഹായങ്ങൾ എന്തൊക്കെയാണ് ; സർക്കാർ നാളിതുവരെ എന്തെല്ലാം സഹായങ്ങൾ നല്കിയിട്ടുണ്ട് ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

പൊതുമേഖലയിൽ പുതിയ വ്യവസായങ്ങൾ

3940 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എതെല്ലാമാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കാമോ ;

(സി) പുതിയ പൊതുമേഖലാ വ്യവസായ സംരംഭങ്ങളിൽ പുതിയതായി എത്ര പേർക്ക് തൊഴിൽ നല്കിയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വ്യവസായ സംരംഭങ്ങളുടെ രണ്ടാംഘട്ട വികസനത്തിന് പ്രവര്‍ത്തന മൂലധനം</u>

3941 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ സംരംഭങ്ങള്‍ക്ക് രണ്ടാംഘട്ട വികസനത്തിനായി പ്രവര്‍ത്തന മൂലധനം നല്‍കാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് വകുപ്പ് മുഖേന നടപ്പിലാക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ബി) എങ്കില്‍ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായങ്ങളുടെ പുനരുദ്ധാരണം

3942 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗഗ്രസ്തമായ സൂക്ഷ്മ - ചെറുകിട - ഇടത്തരം ശ്രേണിയിലുള്ള വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള എസ്.യു.ആർ.പി. - എസ്.ഐ.സി.ഐ.സി. - യൂണിറ്റ് റിവൈവൽ പ്രോഗ്രാം വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ, അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ഉല്പാദന മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

3943 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയെണ്ണമാണ്;

(ബി) മുൻസർക്കാരിന്റെ കാലത്ത് എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു; എത്രയെണ്ണം നഷ്ടത്തിലായിരുന്നു; ഇതിൽ എന്തുമാറ്റമാണ് കഴിഞ്ഞ രണ്ടു വർഷത്തിനുളളിൽ ഉണ്ടായതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

ഒരു ലക്ഷം രൂപ പദ്ധതിച്ചെലവുള്ള വ്യവസായ സംരംഭങ്ങൾക്ക് സബ്സിഡി

3944 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം രൂപയും അതിൽ താഴെയും പദ്ധതിച്ചെലവുള്ള വ്യവസായ സംരംഭങ്ങൾക്ക് വകുപ്പുമുഖേന പദ്ധതി ആവിഷ്കരിച്ച് സബ്സിഡിക്കായി പ്രത്യേക ഫണ്ട് വകയിരുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ പുരോഗതി വിശദമാക്കാമോ ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ</u>

3945 ശ്രീ. എം. എ. ബേബി
,, സി. കെ. സദാശിവൻ
,, കെ. രാധാകൃഷ്ണൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ പദ്ധതിക്ക് ആദ്യഘട്ടത്തിൽ പദ്ധതിയിട്ടിരുന്ന അത്രയും കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(ബി) വല്ലാർപാടത്ത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രധാന പ്രതിസന്ധിയെന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കബോട്ടാഷ് നിയമം മാറ്റുന്നതിലെ കാലതാമസം കണ്ടെയ്നർ ടെർമിനലിന്റെ പുരോഗതിക്ക് തടസ്സമായിട്ടുണ്ടോ;

(ഡി) ടെർമിനലിന്റെ പൂർണ്ണ സംഭരണശേഷി കൈവരിക്കാനായില്ലെങ്കിൽ സംഭരണ സംവിധാനം മറ്റ് കമ്പനികൾക്ക് പാട്ടത്തിന് കൊടുക്കാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ പദ്ധതികൾ

3946

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസന കോർപ്പറേഷൻ വ്യവസായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളും സവിശേഷതകളുമാണ് പദ്ധതികൾക്കുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര പദ്ധതികൾക്കാണ് കോർപ്പറേഷൻ രൂപം നൽകിയത്; വിശദമാക്കുമോ;

(ഡി) എത്ര വ്യവസായ പദ്ധതികളിൽ ഉല്പാദനം ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>ഇൻകലിന്റെ പ്രവർത്തനങ്ങൾ</u>

3947 ശ്രീ. വി. ശിവൻകുട്ടി
,, കെ. സുരേഷ് കുറുപ്പ്
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻകലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) ഇൻകലിന് യാതൊരു കാരണവശാലും സർക്കാർ ഭൂമി കൈമാറരുതെന്ന് റവന്യൂവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി വ്യവസായവകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വ്യവസായവകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരത്തെ കണ്ണിമാറ മാർക്കറ്റും അതിനോടനുബന്ധിച്ചുള്ള നാലര ഏക്കർ സ്ഥലവും ഇൻകലിന് കൈമാറാനുള്ള ഉദ്ദേശത്തെപ്പറ്റി ബന്ധപ്പെട്ട മന്ത്രിമാരും ഇൻകൽ മേധാവികളുമായി എന്തെങ്കിലും ചർച്ച നടന്നിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കശുവണ്ടി തൊഴിലാളികളുടെ അവകാശം ഉറപ്പാക്കുന്ന എൻഫോഴ്സുമെന്റ് നടപടികൾ കാര്യക്ഷമമാക്കൽ</u>

3948 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, ജി. എസ്. ജയലാൽ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷന്റെയും, കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികളുടെയും അവയിൽ അടച്ചിട്ടിരിക്കുന്ന ഫാക്ടറികളുടെയും വിശദാംശങ്ങൾ നൽകുമോ;

(ബി) കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശം ഉറപ്പാക്കുന്ന എൻഫോഴ്സുമെന്റ് നടപടികൾ ഊർജ്ജിതമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് കുടിവറപ്പു സമ്പ്രദായം വ്യാപകമാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

സിഡ്കോയ്ക്കു കീഴിലുള്ള ചെറുകിട വ്യവസായ പാർക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

3949 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിഡ്കോയ്ക്കു കീഴിലുള്ള ചെറുകിട വ്യവസായ പാർക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ചെറുകിട വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനും നിലവിലുള്ള വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവയെ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

3950

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ദൈനംദിന ലാഭത്തിൽ പ്രവർത്തിച്ചുവന്നിരുന്നത് എന്നും അവ ഏതൊക്കെ എന്നും വ്യക്തമാക്കാമോ;

(ബി) ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്ന പൊതുമേഖലാ സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എത്ര കോടി രൂപയുടെ നഷ്ടമാണ് ഇപ്പോഴുള്ളത്; എങ്ങനെയാണ് ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ സ്ഥാപനം നഷ്ടത്തിലായത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മുഴുവൻ മരുന്നുകളും സപ്ലൈ ചെയ്യുന്ന സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കെ.എസ്.ഡി.പി യിൽ നിന്നും മരുന്ന് വാങ്ങുന്നുണ്ടോ; എന്നുമുതൽ ഇവിടെനിന്നും മരുന്ന് വാങ്ങുന്നു; പ്രതിവർഷം എത്ര കോടി രൂപയുടെ മരുന്നാണ് വാങ്ങുന്നത്; എന്തു കാരണത്താലാണ് ഇപ്പോൾ ഇവിടെനിന്നും മരുന്ന് വാങ്ങാത്തതെന്ന് കാണിച്ച് കോർപ്പറേഷൻ കത്തു നൽകിയിട്ടുണ്ടോ;

(ഡി) ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ഗ്ലോബൽ ആയുർവ്വേദ വില്ലേജ്

3951 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഗ്ലോബൽ ആയുർവ്വേദ വില്ലേജ് സ്ഥാപിക്കുന്നതിനായി 2012-13 ലെ ബഡ്ജറ്റിൽ വകയിരുത്തിയ അഞ്ച് കോടി രൂപയിൽ എത്ര തുക എന്തൊക്കെ പരിപാടികൾ നടപ്പാക്കാനായി വിനിയോഗിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യം ഈ സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തീകരിക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യ സംസ്കരണ വ്യവസായത്തിനുള്ള സഹായം</u>

3952 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യസംസ്കരണ വ്യവസായത്തിന് സര്‍ക്കാര്‍ നല്‍കുന്ന സഹായങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഭക്ഷ്യോല്‍പന്ന വിപണി വിപുലീകരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ജൈവഭക്ഷ്യ പദാര്‍ത്ഥങ്ങളുടെ ഉല്‍പാദനത്തിന് നല്‍കുന്ന ആനുകൂല്യങ്ങള്‍ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി വ്യവസായേതര ആവശ്യങ്ങൾക്കു നൽകൽ</u>

3953 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി വ്യവസായേതര ആവശ്യങ്ങൾക്കു നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ആറൻമുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യവസായ മേഖലയായി നോട്ടിഫൈ ചെയ്ത സ്ഥലങ്ങൾ</u>

3954 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യവസായ മേഖലയായി നോട്ടിഫൈ ചെയ്ത സ്ഥലങ്ങളിൽ നിന്നും ഏതെങ്കിലും സ്ഥലങ്ങളെ വ്യവസായ വകുപ്പ് ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വിമാനത്താവള നിർമ്മാണത്തിനുവേണ്ടി അധികമായി നോട്ടിഫൈ ചെയ്ത ഭൂമി ഡീ നോട്ടിഫൈ ചെയ്യുമെന്ന സർക്കാർ ഉറപ്പ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>കിൻഫ്ര ഭക്ഷ്യസംസ്കരണ മിഷൻ പദ്ധതി</u>

3955 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിൻഫ്ര ഭക്ഷ്യസംസ്കരണ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി ലഭ്യമായത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

മട്ടന്നൂർ വെള്ളിയാംപറമ്പിലെ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക്

3956 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ വെള്ളിയാംപറമ്പിലെ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്കിന് ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സ്ഥലം ഏറ്റെടുത്തു; ഇതിനുള്ള നഷ്ടപരിഹാരമായി എത്ര തുക സ്ഥലം ഉടമകൾക്കു നൽകി;

(ബി) ഇനിയും സ്ഥലം ഏറ്റെടുക്കുവാനുണ്ടോ; നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഏറ്റെടുത്ത് കഴിഞ്ഞ സ്ഥലത്ത് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞോ;

(ഡി) എങ്കിൽ മാസ്റ്റർ പ്ലാനിനെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണവും അതിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കുമോ;

(ഇ) ഇൻഡസ്ട്രിയൽ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് കൈക്കൊണ്ടു വരുന്ന മറ്റു നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ലൈഫ് സയൻസ് പാർക്കിന് ഭൂമി ഏറ്റെടുക്കൽ

3957 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലൈഫ് സയൻസ് പാർക്കിന് ഇനി ഏറ്റെടുക്കേണ്ടത് എത്ര ഏക്കർ ഭൂമിയാണെന്നും, ഇതുമായി ബന്ധപ്പെട്ട് ഉണ്ടായ കോടതി സ്റ്റേ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഭൂമി നൽകാൻ തയ്യാറുള്ളവരുടെ ഭൂമി ഏറ്റെടുക്കേണ്ടതിന് സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ബേപ്പൂർ മറൈൻ പാർക്കിലെ മത്സ്യ സംസ്കരണ വ്യവസായങ്ങൾ

3958 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മറൈൻ പാർക്കിൽ വ്യവസായ സംരംഭങ്ങൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ;

(ബി) മത്സ്യ സംസ്കരണ വ്യവസായങ്ങൾ ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

## പ്രവർത്തനം തുടങ്ങാത്ത വ്യവസായ എസ്റ്റേറ്റുകളുടെ ഭൂമി തിരിച്ചെടുക്കൽ

3959 ശ്രീ. എ. പ്രദീപ്കുമാർ
,, കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി ഏറ്റെടുത്ത ശേഷം വ്യവസായം തുടങ്ങാതിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ എന്ത് നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രവർത്തനം നിലച്ചുപോയ യൂണിറ്റുകൾ പുതിയ നിക്ഷേപകരുടെ പേരിൽ കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി ലഭിക്കുന്നതിനായി പുതുതായി അപേക്ഷ സമർപ്പിക്കുമ്പോൾ എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ സ്ഥാപനം പ്രവർത്തനം തുടങ്ങാത്ത ഭൂമി തിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ ഫലമായി ഈ സർക്കാർ വന്നതിനു ശേഷം എത്ര ഭൂമി തിരിച്ചെടുത്തു എന്ന് വ്യക്തമാക്കാമോ;

(എഫ്) ഭൂമി ഏറ്റെടുത്തു വ്യവസായം തുടങ്ങാതെ കോടതി സ്റ്റേയുടെ മറവിൽ ഭൂമി കൈവശം വച്ചിരിക്കുന്ന കേസുകളിൽ സ്റ്റേ നീക്കി ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകള്‍ സൂക്ഷിക്കുന്നത്</u>
<u>ഉറപ്പ് വരുത്താന്‍ മോണിട്ടറിംഗ് സംവിധാനം</u>

3960 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പാലോട് രവി
,, എം. പി. വിന്‍സെന്റ്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീര്‍ക്കുന്നതിന് കര്‍മ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത് സംബന്ധിച്ച വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പൊതു മേഖലാ സ്ഥാപനങ്ങളിലും വ്യവസായ വകുപ്പിലും ഇതിന് വേണ്ടി എന്തെല്ലാം സംവിധാനങ്ങള്‍ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകള്‍ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നറിയാന്‍ ഗവണ്‍മെന്റ് തലത്തില്‍ മോണിട്ടറിംഗ് സംവിധാനം ഏര്‍പ്പെടുത്തുമോ; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>കൊരട്ടി കിൻഫ്രയുടെ വികസനം</u>

3961 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഗവൺമെന്റ് പ്രസ്സിന്റെ കൈവശമുള്ള 13 ഏക്കർ ഭൂമികൂടി കിൻഫ്രയുടെ വികസനത്തിനായി ലഭ്യമാക്കുന്നതിനുള്ള അപേക്ഷകളിൽ എന്തെങ്കിലും തീരുമാനം കേന്ദ്രനഗര വികസന മന്ത്രാലയം സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

കിനാലൂര്‍ കെ.എസ്.ഐ.ഡി.സി വ്യവസായ വളര്‍ച്ചാ കേന്ദ്രത്തില്‍ 110 കെ.വി സബ് സ്റ്റേഷന്‍ സ്ഥാപിക്കുവാന്‍ നടപടി

3962 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കിനാലൂര്‍ കെ.എസ്.ഐ.ഡി.സി വ്യവസായ വളര്‍ച്ചാ കേന്ദ്രത്തില്‍ 110 കെ.വി സബ് സ്റ്റേഷന്‍ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് കെ.എസ്.ഇ.ബി എസ്റ്റിമേറ്റ് സമര്‍പ്പിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതു സംബന്ധിച്ച് തുടര്‍നടപടി സ്വീകരിക്കാന്‍ നിര്‍ദ്ദേശിക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വ്യവസായ സഹകരണ സംഘങ്ങൾ</u>

3963 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര വ്യവസായ സഹകരണ സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാണ് പ്രസ്തുത സംഘങ്ങൾ ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>എൽ.എൻ.ജി ടെർമിനലിന്റെ പ്രതിസന്ധി</u>

3964 ശ്രീ. ജി. സുധാകരൻ
'' ഇ. പി. ജയരാജൻ
'' ബാബു എം. പാലിശ്ശേരി
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ച എൽ.എൻ.ജി ടെർമിനൽ തുടക്കത്തിൽ തന്നെ പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എൽ.എൻ.ജി.യുടെ വില വർദ്ധന ഈ സ്ഥാപനത്തെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുകയുണ്ടായി; കൊച്ചി ടെർമിനലിൽ നിന്നും എൽ.എൻ.ജി. സംഭരണശേഷിയുടെ എത്ര ശതമാനമാണ് ഇതിനകം ഉപയോഗിക്കാൻ കഴിഞ്ഞത്;

(സി) ബി.പി.സി.എൽ, ഫാക്ട് തുടങ്ങിയ സംസ്ഥാനത്തെ എൽ.എൻ.ജി. ഉപഭോക്താക്കൾ ടെർമിനലിൽ നിന്നും എൽ.എൻ.ജി. വാങ്ങേണ്ടതില്ലെന്ന് തീരുമാനിച്ച സാഹചര്യം എന്താണെന്ന് അറിയാമോ;

(ഡി) പ്രതിസന്ധി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുകയുണ്ടായോ; എങ്കിൽ അനുകൂലമായ പ്രതികരണം ലഭിക്കുകയുണ്ടായോ;

(ഇ) രാജ്യത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ദ്രവീകൃത പ്രകൃതി വാതകത്തിന്റെ വിഹിതം കേരളത്തിന് നൽകണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തുമോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>എൽ. എൻ. ജി. ടെർമിനൽ</u>

T.3965 ശ്രീ. എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. എൻ. ജി. ടെർമിനലിന്റെ പ്രവർത്തനോദ്ഘാടനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വികസന കുതിപ്പിനും നിക്ഷേപ സൗഹൃദത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഇ) ടെർമിനലിനെ പൂർണ്ണമായി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വ്യവസായവികസന ഓഫീസർ തസ്തികയിലെ ഒഴിവുകൾ</u>

3966 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഏറ്റവും താഴെതലത്തിൽ പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്ന വ്യവസായ വികസന ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ;

(സി) സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) നിരവധി വ്യവസായ വികസന ഓഫീസർമാരുടെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഉണ്ടായിട്ടും പരിഗണിക്കാതെ തടഞ്ഞുവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ, നിയമാനുസൃതമായും മാനദണ്ഡങ്ങൾക്ക് വിധേയമായും ലഭിച്ച അപേക്ഷകൾ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

വ്യവസായ വികസന ഓഫീസർ

3967 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിലെ വ്യവസായ വികസന ഓഫീസർ തസ്തിക ഗസറ്റഡ് പദവിയിലേക്ക് ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

സർക്കാരിന്റെ സേവന–വേതന വ്യവസ്ഥ അനുവർത്തിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

3968 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സേവന-വേതന വ്യവസ്ഥകൾ അതേപടി അനുവർത്തിച്ചുവരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് അവയുടെ പേരുകൾ സഹിതം വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ 01.7.2009 മുതലുള്ള പുതുക്കിയ നിരക്കിലുള്ള ശമ്പളപരിഷ്കരണം ഇതിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കഴിഞ്ഞ 5 വർഷമായി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ഡി) സംസ്ഥാന സർക്കാരിന്റെ സേവന-വേതന വ്യവസ്ഥകൾ അതേപടി നടപ്പാക്കിവരുന്നതും, കഴിഞ്ഞ ആറ് വർഷമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതുമായ സിഡ്കോയിൽ 1.7.2009 മുതൽ സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ശമ്പളപരിഷ്കരണം ഇതേവരെ നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 26.3.2013-ൽ 2242-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരമായി, സിഡ്കോയിലെ ജീവനക്കാരുടെ സംഘടനാഭാരവാഹികളായ മൂന്ന് എം.എൽ.എ മാർ ഒപ്പിട്ട് 18.12.12 ന് നൽകിയ ശമ്പളപരിഷ്കരണം സംബന്ധിച്ച നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരുന്നതായി നൽകിയ മറുപടി, നടപ്പാക്കാൻ സ്വീകരിച്ച കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(എഫ്) സിഡ്കോ ജീവനക്കാർക്ക് പരിഷ്കരിച്ച ശമ്പളം എന്നുമുതൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പള്ളിപ്പുറം മണൽ ഇഷ്ടിക ഫാക്ടറി തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പുനർനിർണ്ണയിക്കാൻ നടപടി</u>

3969 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കൺസ്ട്രക്ഷൻസ് & കംപോണന്റ്സ് ലിമിറ്റഡിന്റെ കീഴിലുള്ള പള്ളിപ്പുറം മണൽ ഇഷ്ടിക ഫാക്ടറിയിലെ തൊഴിലാളികൾക്ക് എസ്.എസ്.എൻ.പി (സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം) പ്രകാരം ആനുകൂല്യമായി നൽകിയ തുക വളരെ തുച്ഛമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആനുകൂല്യങ്ങൾ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) തൊഴിലാളികൾക്ക് പതിനൊന്ന് മാസത്തെ ശമ്പളകുടിശ്ശിക പൂർണ്ണമായി നൽകിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കുടിശ്ശിക പൂർണ്ണമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ഈ തൊഴിലാളികളുടെ പുനരധിവാസപാക്കേജ് ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വ്യാപാര-വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കൽ</u>

3970 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, ആർ. സെൽവരാജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാര-വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ഇ-പാസ് സംവിധാനം

3971 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹിദ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുക്കളുടെ കൈകാര്യവും കൈമാറ്റവും നിയന്ത്രിക്കുവാൻ ഇ-പാസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ധാതുക്കളുടെ കള്ളക്കടത്ത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഈ സംവിധാനത്തിലുള്ളത് ; വിശദമാക്കുമോ ;

(ഡി) ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം
നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പുതിയ ക്വാറികൾക്ക് പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റിയുടെ അനുമതി</u>

3972 ശ്രീ. എ.കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ക്വാറികൾ നടത്താൻ സംസ്ഥാന പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റി അനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) പുതിയ ക്വാറികൾ തുടങ്ങുന്നതിനു മുമ്പ് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായമാരായുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) അനുവാദം നൽകിയിട്ടുള്ള ക്വാറികൾ അനുമതി നൽകിയ സ്ഥലത്ത് തന്നെയാണ് ഖനനം നടത്തുന്നത് എന്നുറപ്പു
വരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന്
വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് കീഴിലെ ലബോറട്ടറികളിലെ പ്രവർത്തനങ്ങൾ</u>

3973 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കീഴിൽ എത്ര ലബോറട്ടറികളുണ്ടെന്നും അവ എവിടെയെല്ലാ മാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലബോറട്ടറികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ധാതു സമ്പത്തിനെക്കുറിച്ച് വിശദമായ പഠനം നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

സംസ്ഥാനത്തെ ധാതുവിഭവങ്ങൾ ഖനനം ചെയ്യുന്നത് സംബന്ധിച്ച്

3974 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുവിഭവങ്ങൾ ഖനനം ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും നയം അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>മൈനര്‍ മിനറല്‍ ക്വാറികളില്‍ നിന്നും ലഭിക്കുന്ന റോയല്‍റ്റി</u>

3975 ശ്രീ. റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മൈനര്‍ മിനറല്‍ ക്വാറികളില്‍ നിന്നും സംസ്ഥാനത്തിന് പ്രതിവര്‍ഷം ആകെ ലഭിക്കുന്ന റോയല്‍റ്റി എത്രയാണ്; കഴിഞ്ഞ അഞ്ച് വര്‍ഷങ്ങളിലെ പ്രതിവര്‍ഷക്കണക്ക് ലഭ്യമാക്കുമോ;

(ബി) പാറ ഉള്‍പ്പെടെയുള്ള മൈനര്‍ മിനറലുകളുടെ റോയല്‍റ്റി കാലാനുസരണം വര്‍ദ്ധിപ്പിക്കാത്തതിനാല്‍ സര്‍ക്കാരിന് കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് വര്‍ദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും ശുപാര്‍ശ നിലവിലുണ്ടോ;

(സി) അപ്രകാരം വര്‍ദ്ധിപ്പിച്ചാല്‍ എത്ര രൂപയുടെ അധികവരുമാനമാണ് പ്രതീക്ഷിക്കുന്നത്; പ്രസ്തുത നിര്‍ദ്ദേശം സമയബന്ധിതമായി അംഗീകരിക്കുമോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പാറ ഖനനം</u>

3976 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -2013 കാലയളവിൽ സംസ്ഥാനത്ത് പാറഖനനം വഴി സർക്കാരിന് എത്ര കോടി രൂപ ലഭിച്ചെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പാറമട പ്രവർത്തിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) അനുവദിച്ചതിൽ കൂടുതൽ ആഴത്തിൽ പാറ ഖനനം ചെയ്താൽ മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് പിഴ ഈടാക്കാറുണ്ടോ;

(ഡി) എങ്കിൽ അപ്രകാരമുള്ള വ്യവസ്ഥാലംഘനത്തിന് 2012 -2013 കാലഘട്ടത്തിൽ ഈടാക്കിയ പിഴ സംഖ്യ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ക്വാറികൾക്കെതിരെ സ്വീകരിച്ച നടപടി</u>

T.3977 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാറമടകൾ/ക്വാറികൾ പ്രവൃത്തിയ്ക്കുന്നതിന് അനുവദിച്ചിട്ടുള്ള അളവിലോ, സ്ഥലത്തിലോ കൂടുതൽ ഖനനം നടത്തിയാൽ നൽകാവുന്ന ശിക്ഷ എന്താണെന്ന് വിശദമാക്കുമോ ;

(ബി) ക്വാറിയുടെ പ്രവർത്തനംമൂലം പരിസ്ഥിതിയ്ക്കോ, വ്യക്തികളുടെ സ്വത്തിനോ, ജീവനോ അപകടം സംഭിച്ചാൽ ക്വാറിയുടെ ലൈസൻസ് റദ്ദാക്കാൻ വ്യവസ്ഥയുണ്ടോ ;

(സി) അപ്രകാരമുള്ള നിയമലംഘനങ്ങൾക്കെതിരെ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര ക്വാറികൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ചക്കിട്ടപാറയിലെ ഇരുമ്പയിര് ഖനനം</u>

3978 ശ്രീ.എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചക്കിട്ടപാറയിൽ ഇരുമ്പയിര് ഖനനത്തിന് അനുമതി ലഭിക്കാൻ അപേക്ഷ നൽകിയ എം.എസ്.പി.എൽ കമ്പനിക്ക് സംസ്ഥാന സർക്കാർ നൽകിയ തത്വത്തിൽ അനുമതി ഏതെല്ലാം തീയതികളിലാണ് നീട്ടി നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ കമ്പനിക്ക്, കേന്ദ്രത്തിൽ നിന്നുള്ള അനുമതി ലഭിക്കുകയുണ്ടായോ;

(സി) മേൽപറഞ്ഞ കമ്പനിക്ക് ചക്കിട്ടപാറയിൽ ഖനനത്തിന് ഭൂമി സ്വന്തമായി കൈവശമുള്ളതായി സർക്കാരിനെ അറിയിച്ചിട്ടുണ്ടായിരുന്നോ;

(ഡി) സർക്കാർ ഭൂമി ഈ കമ്പനിക്ക് പാട്ടത്തിന് നൽകുകയുണ്ടായോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കാസറഗോഡ് ജില്ലയിലെ ഖനന പ്രവർത്തനങ്ങൾ</u>

3979 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയിൽ എല്ലാത്തരം മണലിന്റേയും ധാതുക്കളുടേയും ഖനനം നിർത്തിവെക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതു മൂലം ജില്ലയിലെ എല്ലാ നിർമ്മാണ പ്രവൃത്തികളും നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കാസറഗോഡ് ജില്ലയിലെ കരിങ്കൽ ക്വാറികൾ</u>

3980 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ അംഗീകാരമുള്ള എത്ര കരിങ്കൽ ക്വാറികളാണ് ഉള്ളതെന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അനധികൃത ക്വാറികൾക്കെതിരായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

കൈത്തറി മേഖലയെ സംരക്ഷിക്കുവാന്‍ നടപടി

3981 ശ്രീ. പി. തിലോത്തമന്‍
,, ചിറ്റയം ഗോപകുമാര്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കൈത്തറി ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി തകര്‍ച്ച നേരിട്ടുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ; എങ്കില്‍ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവര്‍ത്തനമൂലധനമില്ലാതെ പ്രവര്‍ത്തിക്കാന്‍ കഴിയാതിരിക്കുന്ന എത്ര കൈത്തറി സംഘങ്ങള്‍ ഇപ്പോഴുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) തൊഴില്‍ നഷ്ടപ്പെട്ട് ദുരിതത്തിലായ എത്ര തൊഴിലാളികള്‍ ഇപ്പോള്‍ കൈത്തറി മേഖലയിലുണ്ട് ; ഈ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള എന്ത് നടപടികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

## പ്രഭുറാം മില്ലിന്റെ നവീകരണം

3982 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് എത്ര രൂപ അനുവദിച്ചു ;

(ബി) ടെക്സ്റ്റൈൽ കോർപ്പറേഷൻ ഈ സാമ്പത്തികവർഷം സംസ്ഥാനത്തെ ഏതെല്ലാം ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിനും പ്രവർത്തനത്തിനുമായി എത്ര രൂപ വീതം നൽകി ;

(സി) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന പ്രഭുറാം മിൽസ് ഇപ്പോൾ എത്ര രൂപ നഷ്ടത്തിലാണ് പ്രവർത്തി
ക്കുന്നത് ;

(ഡി) നഷ്ടം നികത്തി പ്രസ്തുത മില്ല് ലാഭകരമാക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) മില്ലിൽ ഉൽപാദിപ്പിക്കുന്ന നൂലിന് മികച്ച മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>പവ്വർലൂം സഹകരണ സംഘങ്ങൾ</u>

3983 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പവ്വർലൂം സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിന് ഓരോന്നിനും നാളിതുവരെ സർക്കാർ എത്ര ലക്ഷം രൂപയുടെ ധനസഹായം ഗ്രാന്റായും, ഓഹരിയായും, വായ്പയായും, അനുവദിച്ചിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സംഘങ്ങളിലെ ഓഡിറ്റ് ഏതു വർഷം വരെ നടന്നിട്ടുണ്ടെന്നും, അതനുസരിച്ച് പിന്നിട്ട 5 വർഷത്തെ അവയുടെ ലാഭം/നഷ്ടം, ഉല്പാദനം, വില്പന എന്നിവ എത്രയാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര ഉച്ചക്കടയിലെ ഇന്റഗ്രേറ്റഡ് പവ്വർ ലൂം വില്ലേജിന്റെ പ്രവർത്തനം</u>

3984 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ നെയ്യാറ്റിൻകര ഉച്ചക്കടയിലെ ഇന്റഗ്രേറ്റഡ് പവ്വർ ലൂം വില്ലേജ് (ഐ.സി.എസ്. ലിമിറ്റഡ് നം.റ്റി.704) ന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത സംഘത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) നാളിതുവരെയായി ഈ സൊസൈറ്റിക്ക് വിവിധയിനത്തിലായി എത്ര രൂപയാണ് ഗ്രാന്റായും ലോണായും സർക്കാർ അനുവദിച്ചതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ . പ്രസ്തുത തുക ചട്ടപ്രകാരമാണോ ചിലവഴിച്ചതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഈ സ്ഥാപനത്തിൽ സ്ഥിരമായും ദിവസവേതനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ജോലിനോക്കുന്ന എത്ര ജീവനക്കാരുണ്ടെന്നും ഇവരുടെ തസ്തികകൾ എന്തെല്ലാമാണെന്നും ഇവരുടെ പ്രതിമാസ വേതനം എത്രയാണെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(ഡി) ഈ സംഘത്തിലേക്കുള്ള സാധനങ്ങൾ വാങ്ങുന്നത് നിലവിലുള്ള പർച്ചേസ് ആക്ട് പ്രകാരമാണോ ; പ്രസ്തുത ചട്ടപ്രകാരമാണോ സംഘം പ്രവർത്തിച്ച് വരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈ സംഘത്തിന് 19,08,56,026 രൂപയുടെ കടബാധ്യത എങ്ങനെ വന്നുവെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത തുകയുടെ ബാധ്യതയും ഉത്തരവാദിത്വവും ആർക്കെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത സംഘത്തിന് നാളിതുവരെയായി എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്; ഇത് പരിശോധിക്കുന്നതിന് ചുമതലപ്പെട്ടവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടപ്രവർത്തനം</u>

3985 ശ്രീ. എം. എ. വാഹിദ്
,, എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഐ. ടി മേഖലയിൽ എന്തെല്ലാം വികസനങ്ങളും നേട്ടങ്ങളുമാണ് ഇതുവഴി ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര തൊഴിലവസരങ്ങളാണ് ഇത് വഴി സൃഷ്ടിക്കപ്പെടുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇതിനുവേണ്ടി ഏർപ്പെടുത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

ഐ. ടി. വകുപ്പിന്റെ 'ഐഡിയാസ്' സംവിധാനം

3986 ശ്രീ. വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, അൻവർ സാദത്ത്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. വകുപ്പ് മുഖേന 'ഐഡിയാസ്' സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) സർക്കാർ ഫയലുകളുടെ നീക്കം ഓൺലൈനായി പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിന് ഈ സംവിധാനം എത്രമാത്രം സൗകര്യമൊരുക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് ഈ സംവിധാനത്തിൽ സാങ്കേതികസഹായത്തിന് സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ടെക്നോപാർക്കിൽ സംസ്ഥാന സർക്കാരിന്റെ കമ്പനികൾ</u>

3987 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണത്തിലുള്ള ടെക്നോപാർക്കുകളിൽ സംസ്ഥാന സർക്കാരിന്റേതായ എത്ര കമ്പനികൾ നിലവിലുണ്ടെന്ന് അതിന്റെ പ്രവർത്തനമേഖലയുടെ വിശദാംശം സഹിതം ലഭ്യമാക്കുമോ;

(ബി) ടെക്നോപാർക്കുകളിൽ സംസ്ഥാന സർക്കാരിന്റേതായ കമ്പനികൾ നിലവിൽ പരിമിതമാകുന്നത് സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ഇത്തരം വിലയിരുത്തൽ നടത്തിയിട്ടില്ലായെങ്കിൽ അനുബന്ധ വിഷയത്തിന്മേൽ സമയബന്ധിതമായ ഒരു വിലയിരുത്തൽ നടത്തുന്നതിന് തയ്യാറാകുമോ;

(ഡി) ഭാവിയിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഐ.ടി കമ്പനികളുടെ പ്രവർത്തനം ടെക്നോപാർക്കുകളിൽ സജീവമാക്കുന്നതിന് വേണ്ടി ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അത്തരം പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ഐ.റ്റി. ഡസ്റ്റിനേഷനുകളിൽ പ്രവർത്തിക്കുന്ന ഐ.റ്റി. കമ്പനികൾ

3988 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.റ്റി. ഡസ്റ്റിനേഷനുകളിൽ ഓരോയിടത്തും നിലവിൽ എത്ര ഐ.റ്റി. കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട് ; ഇതിൽ ആകെ എല്ലാ ഡസ്റ്റിനേഷനുകളിലും കൂടി എത്ര പേർ വീതം തൊഴിലെടുക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ഡസ്റ്റിനേഷനിലും 2011, 2012, 2013 വർഷങ്ങളിൽ ഉണ്ടായ വരുമാനം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാരിന്റെകാലത്ത് ഓരോ ഡസ്റ്റിനേഷനിലും അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ കമ്പനികൾ എത്രയാണ്;

(ഡി) പുതുതായി നിലവിൽവന്ന കമ്പനികൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ഐ. റ്റി. പാര്‍ക്കുകളിലെ ഐ. റ്റി. കമ്പനികള്‍</u>

3989 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഐ.റ്റി. പാര്‍ക്കുകളില്‍ എത്ര ഐ.റ്റി. കമ്പനികള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഐ. റ്റി. കമ്പനികള്‍ക്ക് ഐ. റ്റി. പാര്‍ക്കുകളില്‍ സ്ഥലം പാട്ടത്തിന് നല്‍കുന്നത് ഏത് വ്യവസ്ഥ പ്രകാരമാണ്; വിശദമാക്കാമോ;

(സി) സര്‍ക്കാര്‍ മാനദണ്ഡങ്ങള്‍ പാലിക്കാതെയും പാട്ടക്കരാര്‍, പാട്ടം, വൈദ്യുതി ചാര്‍ജ്ജ് ഒടുക്കാതെയും പ്രവര്‍ത്തിക്കുന്ന എത്ര ഐ. റ്റി. കമ്പനികള്‍ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം കമ്പനികള്‍ക്കെതിരെ സര്‍ക്കാര്‍ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ:

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ആധാർ കാർഡ് – ഐ.ടി. വകുപ്പിന്റെ സത്യവാങ്മൂലം

3990 ശ്രീ. തോമസ് ചാണ്ടി
,, എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്സിഡി നിരക്കിൽ പാചകവാതകവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാൻ ആധാർ കാർഡ് നിർബന്ധമാക്കുന്ന കേന്ദ്രനയത്തെ പിന്തുണച്ച് ഐ.ടി. വകുപ്പ് സുപ്രീം കോടതിയിൽ നൽകാൻ സത്യവാങ്മൂലം തയ്യാറാക്കിയിരുന്നോ;

(ബി) സത്യവാങ്മൂലത്തിന് സർക്കാരിന്റെ അംഗീകാരം ഐ.ടി. വകുപ്പ് തേടിയിരുന്നോയെന്ന് വെളിപ്പെടുത്താമോ;

(സി) ആധാർ കാർഡ് നിർബന്ധമാക്കുന്ന കേന്ദ്രനയത്തെ സംസ്ഥാന സർക്കാർ അംഗീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

ആധാർ കാർഡ് രജിസ്ട്രേഷൻ

3991 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശതമാനം പേർ നാളിതുവരെ ആധാർ കാർഡിന് അപേക്ഷ നൽകി;

(ബി) ആധാർ വിവിധ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തശേഷം നാളിതുവരെ ലഭിക്കാത്തവർക്ക് ആയത് ലഭിക്കാൻ അപേക്ഷകർ എന്ത് നടപടിയാണ് സ്വീകരിക്കേണ്ട തെന്നും അതിനായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) രജിസ്റ്റർ ചെയ്തശേഷം നിശ്ചിതകാലപരിധിക്കുള്ളിൽ ആധാർ കാർഡ് നൽകാത്തത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ ലഭ്യമായിട്ടുണ്ട്; പ്രസ്തുത പരാതി കൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും; വിശ ദമാക്കുമോ;

(ഡി) ആധാർ പദ്ധതിയെ ശക്തമായി അനുകൂലിച്ച് സംസ്ഥാന സർക്കാർ 12.1.2014-ന് സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകാൻ തീരുമാനിച്ചിരുന്നോ; വിശദ മാക്കുമോ;

(ഇ) ഇല്ലായെങ്കിൽ സംസ്ഥാന സർക്കാർ അറിയാതെ ഇതിന് പിന്നിൽ പ്രവർത്തിച്ച വിവരസാങ്കേതികവകുപ്പ് ഉദ്യോ ഗസ്ഥർ ആരെല്ലാമാണെന്നും ഇവർക്കെതിരെ എന്ത് നട പടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>അക്ഷയ ജീവനക്കാരുടെയും സംരംഭകരുടെയും പ്രശ്നങ്ങള്‍</u>

3992 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാഷണല്‍ ഇ-ഗവേണന്‍സ് പദ്ധതിയുടെ ഭാഗമായി പ്രവര്‍ത്തിക്കുന്ന 'അക്ഷയ' ഒരു സ്ഥിരം സംവിധാനം ആക്കി മാറ്റാന്‍ നടപടി സ്വീകരിക്കുമോ;

(ബി) അക്ഷയ ജീവനക്കാരുടെയും അക്ഷയ സംരംഭകരുടെയും പ്രശ്നങ്ങള്‍ പഠിക്കാന്‍ പ്രത്യേക സമിതിക്ക് രൂപം നല്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>അക്ഷയ പദ്ധതി പ്രകാരമുള്ള ജീവനക്കാർ</u>

3993 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ പദ്ധതി നിലവിൽ വന്നതു മുതൽ പതിനാല് ജില്ലകളിലായി ഇതിൽ ജോലി നോക്കുന്ന ഇരുന്നൂറിൽപരം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി നടപടികൾ സ്വീകരിക്കുമോ;

(ബി) അക്ഷയ പ്രോജക്ടിലെ ജീവനക്കാർ ഏതെല്ലാം വിഭാഗങ്ങളിൽപെടുന്നവരാണ്; അവർ ഏതെല്ലാം തരത്തിൽ നിയമിക്കപ്പെട്ടവരാണ്;

(സി) അക്ഷയ പ്രോജക്ടിലെ ജീവനക്കാരെ ഏകീകൃത സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ അക്ഷയ പദ്ധതി

3994 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ അക്ഷയ പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ ജില്ലയിലെ അക്ഷയ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം ജില്ലയിൽ പുതുതായി ആരംഭിച്ച അക്ഷയ കേന്ദ്രങ്ങൾ ഏതെല്ലാം എന്നതിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ടെക്നോപാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് ചെലവായ തുക

3995 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ നിലവിലുള്ള ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവയ്ക്ക് നാളിതുവരെ ചെലവായ തുക എത്രയാണെന്ന് നിർമ്മാണത്തിന്റെ മൂന്ന് ഘട്ടങ്ങൾ തിരിച്ച് വിശദമാക്കാമോ;

(ബി) ടെക്നോപാർക്കിന് വേണ്ടി സർക്കാർ ഖജനാവിൽ നിന്നും വിവിധ ഘട്ടങ്ങളിലായി ചിലവഴിക്കപ്പെട്ട മൊത്തം തുക എത്ര; ഏതെല്ലാം ഘട്ടത്തിൽ എന്ത് തുക വീതം വായ്പ എടുക്കുകയുണ്ടായിട്ടുണ്ട്; വായ്പ ഇനത്തിൽ നിലവിലുള്ള ബാധ്യതകൾ എത്ര;

(സി) ഐ.ടി. കമ്പനികൾ വാടകയും മറ്റും ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള മൊത്തം കുടിശ്ശിക എത്ര;

(ഡി) പാർക്കിന്റെ മൊത്തം പ്രവർത്തന ചെലവ് പ്രതിവർഷം ശരാശി എത്ര കോടിയാണ്; എത്ര ജീവനക്കാർ പ്രവർത്തിക്കുന്നു; പാർക്ക് പ്രവർത്തിക്കുന്നത് ലാഭത്തിലാണോ നഷ്ടത്തിലാണോ; ആഡിറ്റഡ് ബാലൻസ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ടെക്നോപാർക്കിൽ മൂന്നാം ഘട്ടമായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ നിർമ്മാണം

3996 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ മൂന്നാം ഘട്ടമായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചത് എപ്പോഴായിരുന്നു; എത്ര സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പണിയാണ് പൂർത്തിയായിരിക്കുന്നത്; ഭൂമി വില ഉൾപ്പെടെ ഇതിനായി ചെലവായ മൊത്തം തുക എത്ര; അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി മാത്രം എന്ത് തുക ചിലവായിട്ടുണ്ട്;

(ബി) പ്രസ്തുത ഐ.ടി സമുച്ചയത്തിൽ ഏതെല്ലാം ഐ.ടി കമ്പനികൾക്ക് എത്ര സ്ക്വയർ ഫീറ്റ് വീതം സൗകര്യം അനുവദിച്ചിട്ടുണ്ട്; എഗ്രിമെന്റുകൾ പ്രകാരം ഓരോ ഐ.ടി കമ്പനിയും സ്ഥലം ഏത് തീയതി മുതലാണ് കൈവശപ്പെടുത്തിയിരിക്കുന്നത്; ഓരോ കമ്പനിയും നൽകിയ വാടക നിരക്ക് എത്രയാണെന്ന് വിശദമാക്കാമോ;

(സി) ടെക്നോപാർക്കിലെ ഏതെല്ലാം കെട്ടിടത്തിൽ നിന്ന് ഏതെല്ലാം സ്ഥാപനങ്ങൾ, സ്വന്തം കെട്ടിടങ്ങളിലേക്കോ അല്ലാതെയോ മാറി പോയിട്ടുണ്ട്; ഇതിന്റെ കൂടി അടിസ്ഥാനത്തിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള നിർമ്മാണം പൂർത്തീകരിക്കപ്പെട്ട കെട്ടിടങ്ങളിലെ അവശേഷിക്കുന്ന സ്ഥലം എത്ര സ്ക്വയർ ഫീറ്റാണ്?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കൊച്ചി ഇൻഫോ പാർക്കിലെ വികസന പ്രവർത്തനങ്ങൾ</u>

3997 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി ഇൻഫോ പാർക്കിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) കൊച്ചി ഇൻഫോ പാർക്കിന്റെ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) കൊച്ചിയിൽ നിലവിലുള്ള വ്യവസായ പാർക്കുകൾ ഏതൊക്കെയാണ് ; പുതുതായി വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

അമ്പലപ്പുഴ ഐ.ടി. പാർക്ക്

3998 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ ;

(ബി) തോട്ടപ്പള്ളിയിൽ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് വില്ലേജിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ടോ ; പദ്ധതി ഇതുവരെ നടപ്പാക്കാൻ കഴിയാത്തതിന് കാരണം വ്യക്തമാക്കാമോ ;

(സി) അമ്പലപ്പുഴ മണ്ഡലത്തിലെ ഐ.ടി. പാർക്ക് യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ?